# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1696** **08.06.2018 ൽ മറുപടിയ്ക്ക്**

## കൃഷിയോഗ്യമാക്കിയ തരിശുഭൂമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിൽപിന്നെ എത്ര ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്;

എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കൃഷിവകുപ്പ് നടപ്പാക്കിയ നെൽ കൃഷി പദ്ധതികൾ മുഖേന 2016-17, 2017-18 വർഷങ്ങളിലായി 8268.071 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ കരനെൽകൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി, ബ്ലോക്ക് തലത്തിലുള്ള പദ്ധതികളുടെ സംയോജനം എന്നിവയിലൂടെ ആകെ 23618 ഹെക്ടർ അധികമായി കൃഷിയിറക്കിയിട്ടുണ്ട്. ഇതേ കാലയളവിൽ നടപ്പാക്കിയ പച്ചക്കറി പദ്ധതികൾ മുഖേന 1694.11 ഹെക്ടർ തരിശു ഭൂമി കൃഷിയോഗ്യമാക്കി.

ബി) ഓരോ ജില്ലകളിലും ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി കൃഷിചെയ്യാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ;

ബി) ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം നിലവിലുള്ള നെൽ വയലുകളുടെ വിസ്തൃതി 2,38,111.6 ഹെക്ടറാണ്. സ്ഥിരമായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന നെൽ വയലുകൾ 191255.699 ഹെക്ടറും തരിശിട്ടിട്ടുള്ളത് 46855. 854 ഹെക്ടറും ആണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | തരിശു കിടക്കുന്ന നെൽ വയലുകളുടെ വിസ്തൃതി (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 250 |
| കൊല്ലം | 1482 |
| പത്തനംതിട്ട | 780 |
| ആലപ്പുഴ | 2803 |
| കോട്ടയം | 3300 |
| ഇടുക്കി | 430 |
| എറണാകുളം | 600 |

| | |
|---|---|
| തൃശ്ശൂർ | 5597 |
| പാലക്കാട് | 23764 |
| മലപ്പുറം | 1274.61 |
| കോഴിക്കോട് | 643 |
| വയനാട് | 840 |
| കണ്ണൂർ | 3892.244 |
| കാസർഗോഡ് | 1200 |
| ആകെ | **46855. 854** |

| | | | |
|---|---|---|---|
| സി) | കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാനും കൃഷിഭൂമിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം? | സി) | തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിനു സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും ; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. ഒരുപ്പൂകൃഷിസ്ഥലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിനു ഹെക്ടറിനു 10000 രൂപ ക്രമത്തിൽ ധനസഹായം നൽകുന്നു.<br><br>തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതു പോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയും നൽകും.<br><br>പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിൽ എത്തുക എന്ന ലക്ഷ്യം വച്ച് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, വിദ്യാലയങ്ങൾ വഴി പച്ചക്കറി കൃഷി,സർക്കാർ/ സർക്കാർ ഇതര/ സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി, നഗരങ്ങളിൽ ഗ്രോബാഗുകളിലുള്ള ടെറസ്സ് കൃഷി, മിനി പോളിഹൗസുകളിലെ പച്ചക്കറി കൃഷി, മഴമറയിലെ കൃഷി, കണികജലസേചനവും അതിലൂടെയുള്ള വളപ്രയോഗവും അവലംബിച്ചുള്ള കൃഷി എന്നിവ |

പ്രോത്സാഹിപ്പിച്ചുവരുന്നു. കൂടാതെ ഓണത്തിനു ഓരോ വീട്ടിലും സ്വന്തമായി ഉല്പാദിപ്പിച്ച പച്ചക്കറി ലഭിക്കുന്നതിലേക്കായി 'ഓണത്തിനു ഒരുമുറം പച്ചക്കറി' എന്ന പേരിൽ വിവിധ പച്ചക്കറികൾ അടങ്ങുന്ന കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

സംസ്ഥാനത്ത് നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. 250 ഹെക്ടറിൽ വരുന്ന തെങ്ങിൻ തോട്ടങ്ങളെ ഒരു കേര ഗ്രാമമായി കണക്കാക്കി അവിടെ സംയോജിത പരിചരണമുറകൾ, ജലസേചനസൗകര്യം, ജൈവവള ഉല്പാദന യൂണിറ്റുകൾ തുടങ്ങിയവ നടപ്പാക്കുകയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ.

വിളകൾക്ക് അനുയോജ്യമായ കാർഷിക കാലാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളെ അവയുടെ പ്രത്യേക കാർഷിക മേഖലയായി കണക്കാക്കി വിത്തുമുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ സജ്ജീകരണങ്ങളും അവിടെ സംയോജിപ്പിച്ച് പരമാവധി ഉല്പാദനം കൈവരിക്കാനും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുവാനും 'പ്രത്യേക കാർഷിക മേഖല' എന്ന പദ്ധതി ലക്ഷ്യമിടുന്നു.

നെല്ലിനു 7 പ്രത്യേക കാർഷിക മേഖലകളും പച്ചക്കറിക്ക് 4 കാർഷിക മേഖലകളും കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ആവശ്യമായ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾക്കും മറ്റ് അടിയന്തിര പ്രാധാന്യമുള്ള ഇടപെടലുകൾക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പിലാക്കുവാനാണു വിഭാവന ചെയ്തിട്ടുള്ളത്

Mayal

**സെക്ഷൻ ഓഫീസർ**